**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6272** **10-11-2021 - ൽ മറുപടിയ്ക്ക്**

**റോഡ് പ്രവൃത്തിയ്ക്ക് വിശദമായ എസ്റ്റിമേറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ആധുനീക രീതിയിൽ പൊതുമരാമത്ത് വകുപ്പ് റോഡുകൾ നവീകരിച്ചതിനുശേഷം വാട്ടർ അതോറിറ്റിയുടെ കേട്ടു വന്ന പൈപ്പുകൾ, കെ.എസ്.ഇ.ബി. പോസ്റ്റുകൾ എന്നിവ മാറ്റുന്നതിനായി വീണ്ടും റോഡ് വെട്ടിപ്പൊളിക്കുന്നതടക്കമുള്ള പ്രവൃത്തികൾ ഒഴിവാക്കി റോഡ് പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽതന്നെ ഇത്തരം പ്രവൃത്തികൾ കൂടി ഉൾപ്പെടുത്തി വിശദമായ എസ്റ്റിമേറ്റുകൾ സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകുകയും അത്തരം എസ്റ്റിമേറ്റുകൾക്ക് ഭരണാനുമതി നൽകുകയും ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | ROW Online Portal വഴി വിവിധ വകുപ്പുകൾ/ കമ്പനികളുടെ യൂട്ടിലിറ്റികൾ സ്ഥാപിക്കുന്നതിനും മാറ്റി സ്ഥാപിക്കുന്നതിനുമുള്ള അപേക്ഷകൾ സ്വീകരിക്കുകയും അനുമതി ലഭ്യമാക്കുകയും ചെയ്തു വരുന്നു. പൊതുമരാമത്ത് വകുപ്പ് എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ തന്നെ യൂട്ടിലിറ്റി ഷിഫ്റ്റിംഗ് ചാർജ്ജായി ബന്ധപ്പെട്ട വകുപ്പ്/ കമ്പനികളിൽ നിന്നും ലഭ്യമാക്കുന്ന എസ്റ്റിമേറ്റ് പ്രകാരം ഉള്ള നിശ്ചിത തുക ഉൾപ്പെടുത്തുകയും അതാത് വകുപ്പുകൾ/ കമ്പനികൾ മുഖേനയോ പൊതുമരാമത്ത് വകുപ്പ് നേരിട്ടോ റീസ്റ്റോറേഷൻ പ്രവൃത്തികൾ നടപ്പിലാക്കുകയും ചെയ്തു വരുന്നുണ്ട്. നിലവിൽ റോഡ് പ്രവൃത്തികൾ ക്രമീകരിച്ചിട്ടുള്ള റോഡുകളിൽ റെസ്റ്റൊറേഷൻ പ്രവൃത്തി, പ്രസ്തുത റോഡ് പ്രവൃത്തിയുടെ ഭാഗമായി നടപ്പിലാക്കുന്നത് പരിശോധിച്ചു വരുന്നു. |
| (ബി) | പ്രസ്തുത അനുബന്ധ പ്രവൃത്തികൾക്കുള്ള തുക അതാത് വകുപ്പുകളിൽ നിന്ന് ഈടാക്കുന്നതിനും ആവർത്തന ചെലവുകൾ കുറയ്ക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | ROW Online Portal വഴി വിവിധ വകുപ്പുകൾ/ കമ്പനികളുടെ യൂട്ടിലിറ്റികൾ സ്ഥാപിക്കുന്നതിനും മാറ്റി സ്ഥാപിക്കുന്നതിനുമുള്ള അപേക്ഷകൾ സ്വീകരിക്കുകയും അനുമതി ലഭ്യമാക്കുകയും ചെയ്തു വരുന്നു. പൊതുമരാമത്ത് വകുപ്പ് എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ തന്നെ യൂട്ടിലിറ്റി ഷിഫ്റ്റിംഗ് ചാർജ്ജായി ബന്ധപ്പെട്ട വകുപ്പ്/ കമ്പനികളിൽ നിന്നും ലഭ്യമാക്കുന്ന എസ്റ്റിമേറ്റ് പ്രകാരം ഉള്ള നിശ്ചിത തുക ഉൾപ്പെടുത്തുകയും അതാത് വകുപ്പുകൾ/ കമ്പനികൾ മുഖേനയോ പൊതുമരാമത്ത് വകുപ്പ് നേരിട്ടോ റീസ്റ്റോറേഷൻ പ്രവൃത്തികൾ നടപ്പിലാക്കുകയും ചെയ്തു വരുന്നുണ്ട്. നിലവിൽ റോഡ് പ്രവൃത്തികൾ ക്രമീകരിച്ചിട്ടുള്ള റോഡുകളിൽ റെസ്റ്റൊറേഷൻ പ്രവൃത്തി, പ്രസ്തുത റോഡ് പ്രവൃത്തിയുടെ ഭാഗമായി നടപ്പിലാക്കുന്നത് പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ